പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1870 16/02/2016 -ൽ മറുപടിയ്ക്ക്

## അടച്ചുപൂട്ടപ്പെട്ട ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ നടപ്പിലാക്കിയ മദ്യ നയത്തിന്റെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ അടച്ച് പൂട്ടപ്പെട്ട ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ ഏതെല്ലാമാണ്; ജില്ലതിരിച്ചുള്ള വിവരങ്ങൾ നൽകാമോ; | (എ) | 2014-2015-ലെ മദ്യനയത്തിന്റെ ഭാഗമായി അടച്ച് പൂട്ടപ്പെട്ട ബിവറേജസ് ഔട്ട് ലെറ്റുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇപ്രകാരം അടച്ചുപൂട്ടപ്പെട്ട ബിവറേജസ് ഔട്ട് ലെറ്റുകളുടെ സമീപത്തായി 3 കിലോമീറ്റർ ചുറ്റളവിലുള്ള സ്വകാര്യ ബാറുകൾ ഏതെല്ലാമാണ്; ഇപ്രകാരമുള്ള ബാറുകളിലെ വരുമാനം ബിവറേജസ് ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടിയതുമൂലം എത്രമാത്രം വർദ്ധിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | അടച്ചുപൂട്ടിയ ബിവറേജസ് ഔട്ടിലെറ്റുകളുടെ 3 കിലോമീറ്റർ ചുറ്റളവിലുള്ള ബാറുകൾ ചുവടെ ചേർക്കുന്നു.<br><br>**കൊല്ലം ഡിവിഷൻ**<br>1. കൊല്ലം ബീച്ച്ഹോട്ടൽ<br>2. റാവീസ് ഹോട്ടൽ<br><br>**കോട്ടയം ഡിവിഷൻ**<br>1. കുമരകം ലേക്ക് റിസോർട്ട്<br>2. സൂരി ഹോട്ടൽസ് & റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, കുമരകം<br><br>**എറണാകുളം ഡിവിഷൻ**<br>1. എയർ ലിങ്ക് കാസിൽ, അത്താണി. |

2. ഡയാൻ ഹൈറ്റ്സ്
അത്താണി

3. ഗേറ്റ് വേ, എറണാകുളം

<u>തൃശ്ശൂർ ഡിവിഷൻ</u>

1.ജോയ്സ് പാലസ്

<u>കാസർഗോഡ് ഡിവിഷൻ</u>

1. ഖന്ന ഹോട്ടൽ

ഇതിൽ എറണാകുളം ഡിവിഷനിലെ ഡയാൻ ഹൈറ്റ്സ്, അത്താണിയുടെ വരുമാനത്തിൽ 89 ശതമാനത്തിന്റേയും ഗേറ്റ് വേ, എറണാകുളത്തിന്റെ വരുമാനത്തിൽ 20 ശതമാനത്തിന്റേയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.മറ്റ് ഹോട്ടലുകളിലെ മദ്യവിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

(സി) ബാറുകളിലെ വില്പന സംബന്ധിച്ച വർദ്ധനവും കുറവും പരിശോധിക്കാനുള്ള സംവിധാനം എന്തെല്ലാമാണ്; ഇതിലൂടെ കൃത്യമായ കണക്കുകൾ ലഭിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

(സി) ബാറുകളിലെ സ്റ്റോക്ക് രജിസ്റ്ററും ഓരോ മാസത്തേയും കൺസംപ്ഷൻ സ്റ്റേറ്റ്മെന്റും പരിശോധിച്ച് മദ്യ ഉപഭോഗത്തിന്റെ വർദ്ധനവും കുറവും കണ്ടെത്താവുന്നതാണ്. എല്ലാ ബാറുകളിൽ നിന്നും വില്പന സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എല്ലാ മാസവും ബന്ധപ്പെട്ട സർക്കിൾ ഓഫീസിൽ സമർപ്പിക്കാറുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്